**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **10-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിവിധ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല.<br><br>പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന സ്കോളർഷിപ്പുകൾ നിർത്തലാക്കിയിട്ടില്ലെങ്കിലും എന്നാൽ 1 മുതൽ 8 വരെ ക്ലാസുകളിലെ ഒ ബി സി വിദ്യാർത്ഥികൾക്ക് 50% കേന്ദ്രസഹായത്തോടെ നൽകി വന്നിരുന്ന ഒ ബി സി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ട്.<br><br>50% കേന്ദ്ര സഹായത്തോടെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ ഒ.ബി.സി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയിരുന്ന ഒബിസി പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പരിഷ്കരിച്ച കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായി 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തി PM-YASASVI Prematric Scholarship for OBC, EBC & DNT എന്ന പേരിൽ നടപ്പാക്കി. ആയതിനെ തുടർന്ന് സംസ്ഥാന സർക്കാർ ടി പദ്ധതി കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി എന്ന പേരിൽ പുനർ നാമകരണം ചെയ്ത് ഏറ്റെടുക്കുകയും, 1 മുതൽ 8 വരെയുള്ള ഒ.ബി.സി വിദ്യാർത്ഥികൾക്ക് തുടർന്നും സ്കോളർഷിപ്പ് നൽകി വരുകയും ചെയ്യുന്നു.<br><br>ന്യൂനപക്ഷ വിഭാഗങ്ങളിലെ 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് മാർഗ്ഗദീപം എന്ന് പേരിലും ഈ സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ